# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *212

18.02.2016-ൽ മറുപടിക്ക്

## പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എം.എ. വാഹീദ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എ.റ്റി.ജോർജ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) ടൂറിസം വികസനത്തിനായി 'പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഒരു പ്രദേശത്തിന്റെ ടൂറിസം വികസന സാദ്ധ്യതകൾ ജനകീയമായി കണ്ടെത്തി റിസോഴ്സ് മാപ്പിംഗ് വഴി അത്തരം പ്രദേശങ്ങളെ പരസ്പര ബന്ധിതമായി വളർത്തിക്കൊണ്ടു വരിക; തദ്ദേശ ജനവിഭാഗങ്ങൾക്ക് ടൂറിസം വികസനത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ചെറുതും വലുതുമായ ടൂറിസം സംരംഭങ്ങളെ പ്രാദേശികമായി വികസിപ്പിക്കുക, തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധമായ വിവിധ തൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കുക; തദ്ദേശീയമായ ഉത്സവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയ്ക്ക് ഊന്നൽ നൽകി വ്യത്യസ്തവും നൂതനവുമായ ടൂർ പാക്കേജുകൾ വികസിപ്പിക്കുകയും അവ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ നിന്നായി 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ഇടുക്കി ജില്ലയിലെ ചക്കുപള്ളം, മറയൂർ, |

(തുടർച്ച...)

കാന്തല്ലൂർ, വയനാട് ജില്ലയിലെ നൂൽപ്പുഴ, പുൽപ്പള്ളി എന്നീ 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അനുവദിക്കുകയും വലിയപറമ്പ (കാസർഗോഡ്), നിലമ്പൂർ മുനിസിപ്പാലിറ്റി (മലപ്പുറം), വെള്ളിനേഴി (പാലക്കാട്), ആതിരപ്പള്ളി(തൃശ്ശൂർ), കടമക്കുടി (എറണാകുളം), വൈക്കം മുനിസിപ്പാലിറ്റി (കോട്ടയം), വെങ്ങാനൂർ (തിരുവനന്തപുരം) എന്നീ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

Anuradha
**സെക്ഷൻ ഓഫീസർ**